നടത്തി ഇത്തരം ഉൽപന്നങ്ങൾ പിടിച്ചെടുക്കുകയും കുറ്റക്കാർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ലഹരി ഉപയോഗത്തിനെതിരെ സെമിനാറുകളും പി.ടി.എ. യോഗങ്ങളും സംഘടിപ്പിക്കുന്നുണ്ട്. ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതിയുമായി ബന്ധപ്പെട്ട് ലഹരി ഉപയോഗവും വിൽപ്പനയും വിപണനവും തടയുന്നതിന് സംസ്ഥാന പോലീസ് മേധാവി ബന്ധപ്പെട്ടവർക്ക് ശക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

ഐ.എസ്. സാന്നിധ്യം

221 (229) ശ്രീ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാജ്യാന്തര ഭീകര സംഘടനയായ ഇസ്ലാമിക് സ്റ്റേറ്റിൽ (ഐ.എസ്.) സംസ്ഥാനത്തു നിന്നുള്ളവരുടെ സാന്നിദ്ധ്യം സ്ഥിരീകരിക്കപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ആർക്കെല്ലാം എതിരെ എത്ര കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(സി) ഐ.എസ്. ബന്ധത്തിന്റെയടിസ്ഥാനത്തിൽ എത്ര മലയാളികൾ ഗൾഫ് നാടുകളിൽ ജയിലുകളിൽ അകപ്പെട്ടിട്ടുണ്ട് ;

(ഡി) പ്രസ്തുത സംഘടനയുടെ പ്രവർത്തനം സംസ്ഥാനത്ത് നിരോധിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കുമോ ;

(ഇ) സംസ്ഥാനത്ത് നിന്ന് പ്രസ്തുത സംഘടനയിലേയ്ക്ക് ആളുകളെ റിക്രൂട്ട് ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) രഹസ്യാന്വേഷണ ഏജൻസികൾ സ്ഥിരീകരിച്ചിട്ടുണ്ട്.

(ബി) റിയാസുൾ റഹിമാൻ, മാളിയേക്കൽ വീട്, ചക്കുംകടവ്, കല്ലായി, കോഴിക്കോട് എന്നയാൾക്കെതിരെ 16-9-2015-ൽ ക്രൈം നമ്പർ 703/15 ആയി കരിപ്പൂർ പോലീസ് സ്റ്റേഷനിൽ (മലപ്പുറം ജില്ല) ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) UAE പോലീസ് സംശയത്തിന്റെപേരിൽ ചില മലയാളികളെ മൂന്ന് മാസത്തോളം തടവിൽ പാർപ്പിച്ച് ചോദ്യം ചെയ്തശേഷം ഇന്ത്യയിലേക്ക് തിരിച്ചയച്ചിട്ടുണ്ട്. ഈ ഘട്ടത്തിൽ വിശദാംശങ്ങൾ വെളിപ്പെടുത്താൻ നിർവ്വാഹമില്ല.

(ഡി) നിരോധിച്ചിട്ടുണ്ട്.

(ഇ) ഇതു സംബന്ധിച്ചുള്ള അന്വേഷണം നടന്നു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly